"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ്- കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുഖേന കർഷക വായ്പകൾക്ക് നൽകി വരുന്ന കടാശ്വാസത്തിന് കർഷകരിൽ നിന്നും അപേക്ഷ സ്വീകരിക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.672/2025/AGRI    തീയതി,തിരുവനന്തപുരം, 01-07-2025

---

പരാമർശം:-
1. സ.ഉ (പി) നം. 296/2022/ആർഡി തീയതി 3.12.2022
2. സ.ഉ (സാധാ) നം. 1145/2022/കൃഷി തീയതി 30.12.2022
3. സ.ഉ (സാധാ) നം. 917/2023/കൃഷി തീയതി 19.09.2023
4. കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ സെക്രട്ടറിയുടെ 10.06.2025 തീയതിയിലെ പി6/1027/25/KSFDRC നമ്പർ കത്ത്

**ഉത്തരവ്**

കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുഖേന കർഷക വായ്പകൾക്ക് നൽകി വരുന്ന കടാശ്വാസത്തിന് പരിഗണിയ്ക്കാവുന്ന വായ്പാ തീയതി പരാമർശം 1ലെ സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി, വയനാട് ജില്ലകളൊഴിച്ച് മറ്റ് എല്ലാ ജില്ലകളിലെയും ദുരന്ത ബാധിത പ്രദേശങ്ങളിലെ കർഷകർക്ക് 2016 മാർച്ച് 31 വരെയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് 2020 ആഗസ്റ്റ് 31 വരെയും ആയി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. മേൽ സർക്കാർ ഉത്തരവ് പ്രകാരം പ്രഖ്യാപിച്ച ആനുകൂല്യം കർഷകർക്ക് ലഭ്യമാക്കുന്നതിലേക്കായി 2023 ജനുവരി 1 മുതൽ ജൂൺ 30 വരെ കർഷകരിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുന്നതിന് കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് അനുമതി നൽകി പരാമർശം 2 പ്രകാരവും തുടർന്ന് 2023 ജൂലൈ 1 മുതൽ 6 മാസത്തേക്ക് അപേക്ഷകൾ സ്വീകരിക്കുന്ന തീയതി ദീർഘിപ്പിച്ച് പരാമർശം 3 പ്രകാരവും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. എന്നാൽ മേൽ തീയതികൾക്ക് ശേഷവും കടാശ്വാസം ലഭിക്കുന്നതിനുള്ള അപേക്ഷകൾ കടാശ്വാസ കമ്മീഷനിൽ ലഭിക്കുന്നതായി പരാമർശം 4ലെ കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ സെക്രട്ടറിയുടെ കത്തിൽ റിപ്പോർട്ട് ചെയ്തിരുന്നു.

4. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം 3ലെ സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ച കടാശ്വാസം സ്വീകരിക്കുന്ന അവസാന തീയതിയായ 31.12.2023 ന ശേഷം കടാശ്വാസ കമ്മീഷനിൽ ലഭിക്കുന്ന അപേക്ഷകൾ പരിഗണിയ്ക്കുവാൻ കഴിയാത്തത് മൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച്, കർഷകരിൽ നിന്നും 01.07.2025 മുതൽ 31.12.2025 വരെ കടാശ്വാസത്തിന് അപേക്ഷ സ്വീകരിക്കുവാനും 01.01.2024 മുതൽ 30.06.2025 വരെ ലഭ്യമായ അപേക്ഷകളും ഇതോടൊപ്പം പരിഗണിയ്ക്കുവാനും കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K SURESHKUMAR
അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ, തിരുവനന്തപുരം
ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം
സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം (പ്രചാരണത്തിന്)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ) കേരള, തിരുവനന്തപുരം
റവന്യൂ (എച്ച്) വകുപ്പ്/ ധനകാര്യ (അഗ്രി-സി) വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Vineesh Kumar G
Date: 01-07-2025 15:37:37
സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു കൃഷി വകുപ്പ് മന്ത്രിയുടെ പിഎസ്സിന്